# കൊയ്നോനിയ

ഒക്ടോബർ 2017

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 3





ഫോട്ടോ; ജിട്രസ്. വൈ

## ചെറുവെട്ടുകാട് ഇടവക ഓണം ആഘോഷിച്ചു



ചെറുവെട്ടുകാട് ഇടവകയിലെ മതബോധന അധ്യാപകരും വിദ്യാർഥികളും സെപ്റ്റംബർ 2 , 3 തീയതികളിൽ ഓണക്കളി മത്സരങ്ങളും ഓണപ്പൂക്കളം ഒരുക്കലും നടന്നു . മതബോധന ക്ലാസുകളിലെ എല്ലാ കുട്ടികളും അധ്യാപകരും പങ്കെടുത്തു .തുടർന്ന് ഇടവകയിലെ എല്ലാവരും ഒന്നുചേർന്നുകൊണ്ട് സെപ റ്റംബർ 9 നു കായിക മത്സരങ്ങളും 10 നു വടംവലി മത്സരവും ഇതിനെ തുടർന്ന് ഓണസദ്യയും നടത്തി. ഇടവക വികാരി ദിലീപ് അച്ചനും കൗൺസിൽ അംഗങ്ങളും ഓണാഘോഷങ്ങൾക്ക് നേതൃത്വം നൽകി . മുൻ ഇടവക വികാരി ഷൈജൻ അച്ചൻ, വില്ലപ ാദുവയിലെ ഡിജോ അച്ചൻ എന്നിവരുടെയും സാനിധ്യം ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

## വിദ്യാരംഭം നടത്തി



സെപ്റ്റംബർ 30 നു രാവിലെ ദിവ്യബലിക്കുശേഷം ചെറുവെട്ടുകാട് ഇടവകയിൽ വിദ്യാരംഭം നടത്തി . ഇടവക വികാരി ദിലീപ് അച്ചൻ അൾത്താരയുടെ മുന്പ ിലിരുന്നു വിദ്യയുടെ ആദ്യാക്ഷരങ്ങൾ 4 കുട്ടികളെക്കൊണ്ട് എഴുതിച്ചു . തുടർന്ന് 21 ഓളം കുട്ടികൾക്ക് സംഗീതത്തിന്റെ ആദ്യാക്ഷരങ്ങൾ സംഗീത സംവിധായകൻ അനിൽ പീറ്റർ പകർന്നു നൽകി .



## എഡിറ്റോറിയൽ

സൂരോദയത്തിനു മുൻപ് ഉദിക്കുന്ന പ്രകാശമേറിയ ഒരു നക്ഷത്രമാണ് ഉഷകാല നക്ഷത്രം . നേരത്തെ എഴുനേറ്റുനോക്കിയാൽ ഈ നക്ഷത്രത്തെ തെളിവായി കാണാം . ശുക്രൻ എന്ന ഗ്രഹമാണത് . പണ്ടുകാലങ്ങളിൽ നാട്ടിൽ പ്രദേശത്തെ കൃഷിക്കാർ എഴുന്നേൽക്കുന്നത് ഈ നക്ഷത്രത്തെ കണ്ടുകൊണ്ടാണ്. പരിശുദ്ധ കന്യക മറിയത്തെ സംബോധന ചെയ്യുക ഉഷകാല നക്ഷത്രം എന്നാണ് . ഉഷകാല നക്ഷത്രം ഉദിച്ചു കഴിഞ്ഞാൽ സൂര്യോദയം എന്നറിയാവുന്നതുപോലെ പരിശുദ്ധ മറിയം ജനിച്ചപ്പോൾ ക്രിസ്തുവിന്റെ ആഗമനം അടുത്ത് എന്ന് ലോകം മനസിലാക്കി .' നിന്റെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ ' എന്ന് പ്രതിവചിച്ച യാമത്തിൽ നീതി സൂര്യനായ ക്രിസ്തുനാഥൻ അവളുടെ ഉദരത്തിൽ ജന്മമെടുത്തു . ആ ഉഷകാല നക്ഷത്രം നമ്മുടെ ആത്മാവിൽ ഉദയം ചെയ്തിട്ടുണ്ടോ?. പരിശുദ്ധ കന്യകയെകുറിച്ചു പ്രേത്യേകമായി ധ്യാനിക്കുന്ന ഈ മാസത്തിൽ അമ്മയോടുള്ള നമ്മുടെ ഭക്തി എങ്ങനെയാണെന്ന് നാം ചിന്തിക്കേണ്ടതാണ് . ജീവിതത്തെ മാതാവിന്റെ എല്ലാ അനുഭവങ്ങളോടും കൂടി അതേപടി സ്വീകരിക്കാനാണ് മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ഒന്നും ആവശ്യപ്പെടാതെ , ഒന്നും നിരസിക്കാതെ , ഒന്നിനോടും പരിഭവിക്കാതെയും ദൈവഹിതത്തിനു അനുസൃതമായി ജീവിക്കാൻ നമ്മളെയും ദൈവം അനുഗ്രഹിക്കട്ടെ ..

**ഫാ. ജോസ് ദിലീപ്** ( ഇടവകവികാരി )

# ബി.സി.സി യൂണിറ്റുകൾ വാർഷികം ആഘോഷിച്ചു

ചെറുവെട്ടുകാട് ഇടവകയിലെ 5 ബി.സി.സി യൂണിറ്റുകളും വാർഷികം ആഘോഷിച്ചു. സെപ്തംബർ 21 നു സെന്റ് ജോസഫ് യൂണിറ്റ് 29 നു സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്, 30 നു സെന്റ് മൈക്കിൾസ് യൂണിറ്റ്, ഒക്ടോബർ 1 നു സെന്റ മേരീസ് യൂണിറ്റ്, 2 നു സെന്റ ആന്റണീസ് യൂണിറ്റ്.

ദിവ്യബലിയോടെ വാർഷിക ആഘോഷങ്ങൾ ആരംഭിച്ചു. പൊതുയോഗം ഇടവക വികാരി ദിലീപ് അച്ചൻ ഉത്ഘാടനം ചെയ്തു. കോ ഓർഡിറ്റേർ ശ്രീ.ജോളിമസ്, വൈസ് പ്രസിഡന്റ് ശ്രീ. റോബിൻ, സെക്രട്ടറി ശ്രീ. പ്രേ മകുമാർ, കൗൺസിൽ അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവരും പൊതുയോഗത്തിൽ പങ്കെടുത്തു. പെ ാതുയോഗ വേളയിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ടിൻ മേൽ പൊതു ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് യുണിറ്റംഗങ്ങളുടെ കലാപരിപാടികളും വിരുന്ന് സത്കാരവും ഉണ്ടായിരുന്നു.

**സെന്റ് ജോസഫ് യൂണിറ്റ്**



**സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്**



**സെന്റ് മൈക്കിൾസ് യൂണിറ്റ്**



**സെന്റ മേരീസ് യൂണിറ്റ്**



**സെന്റ ആന്റണീസ് യൂണിറ്റ്**



# ബാബു സാർ മെമ്മോറിയൽ ലൈബ്രേറി പ്രവർത്തനം ആരംഭിച്ചു

ചെറുവെട്ടുകാട് ഇടവകയിലെ ബാബു സാർ മെമ്മോറിയൽ ലൈബ്രേറി പ്രവർത്തനം ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും ദിവ്യബലി കഴിഞ്ഞ് ഒരു മണിക്കൂർ ലൈബ്രേറി പ്രവർത്തിക്കും. വിദ്യാഭ്യാസ സമിതിയിലെ ജീന ജയിംസ്, സീന ജോളിമസ് എന്നിവരാണ് ലൈബ്രേറിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്


ഓണം ചെറുവെട്ടുകാട് ഇടവകയിൽ...

# മാതാ ബിൽഡിംഗ് മെറ്റീരിയൽസ്



എംസാന്റ്, പാറപ്പൊടി, ചല്ലി, കരിങ്കല്ല്, ചുടുകല്ല്, ചിപ്സ്, പി സാന്റ്, സിമന്റ് എന്നിവ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും

Proprietor: ANILKUMAR, PH: 9605902035, 8086203476






**DELISHYA A.V**
Date Of Birth: 27-09-2004




**AKHIL A.R**
Date Of Birth: 23-09-2005




ആശംസകളോടെ... സുനിൽ അലക്സ് സി.ആർ



ആശംസകളോടെ...
സനൽ യോഹന്നാനും കുടുംബവും


## SHITO-RYU SPORTS KARATE DO ACADEMY INDIA

Reg.No. KAI/AC/16-17/122
Affiliated with : KARATE ASSOCIATION OF INDIA
KERALA KARATE ASSOCIATION & TRIVANDRUM DISTRICT KARATE ASSOCIATION
Recognised by Govt. of India ( Ministry of Youth Affairs & Sports)
Affiliated with World Karate Federation, Asian Karate Do Federation, Common Wealth Karate Federation
South Asian Karate Do Federation: Recgd by International Olympic Committee, Member International World Games Association

9847889479
9847439135





**SHIHAN.Y. PREMAKUMAR**
Technical Director & Examiner in India
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

Head Office: ANGEL HOUSE, TC /32/1055(1), AISWARYA NAGAR, NEAR ALLSAINTS, BEACH POST, THIRUVANANTHAPURAM


## ഓണാഘോഷം 2017 സംഭാവന നൽകിയവർ

ഫാ. ജോസ് ദിലീപ് = 1000
സുമ സ്റ്റാലിൻ = 550
ഷാജി = 100
സെൽവരാജ് = 500
ജോളി തോമസ് = 200
ഗ്രേസി വിജയമ്മ = 800
എഡ്വിൻ ഷാ = 1000
ജോയ് സെബാസ്റ്റ്യൻ = 500
ജോർജ് സെൽവദാസ് = 200
മാർഗരറ് = 500
റോസമ്മ രത്നമണി = 500
സെ.സെബാസ്റ്റ്യൻ യൂണിറ്റ് = 800
ജോളിമസ് = 2000
ബേബി ജെയിംസ് = 500
സന്തോഷ് = 500
ഷാജി കണ്ണൻ =300
മോളി ജോസഫ് =500
ഉഷ ജെയിംസ് = 100
ധർമ്മരാജൻ = 500
വസന്ത = 500
പ്രേമകുമാർ = 2000

**ആകെ വരവ് = 13550/-**

## സാധനങ്ങൾ സംഭാവന നൽകിയവർ

മോ ജോസഫ് – 30 kg അരി
സുനിൽ അലക്സ് – ഇഞ്ചിക്കറി, മാങ്ങ അച്ചാർ
ജോളിമസ് – ഉപ്പേരി, ജീരകം, കടുക്, ഉലുവ, ഉണക്ക മുളക്, മഞ്ഞൾ പൊടി, കുരുമുളക് പൊടി, ഉപ്പ്
ജോയ് സെബാസ്റ്റ്യൻ – സാമ്പാർ പരിപ്പ്
ലില്ലി തോമസ് – നാരങ്ങ അച്ചാർ, ചിപ്സ്
സുനിത സനൽ – പപ്പടം
ജിട്രസ് – ഇല



## ചെലവ്

മലക്കറി = 3040
തൈര് = 320
പലവ്യഞ്ജനം = 2520
പഴം = 1118
തേങ്ങ = 300
ഊഞ്ഞാൽ റോപ്പ് , പാൽ = 568
ടേബിൾ വാടക = 900
പാത്രം, അടുപ്പു വാടക = 1500
പാചകം ജോർജ് = 2000
സഹായി = 1250

**ആകെ ചെലവ് = 13516/-**





Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum